Circular No. 177
Closing of Eparchial
Tribunal: Servant of God
Mar Mathew Makil

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 15-09-2015

പ്രിയ ബഹുമാനപ്പെട്ട അച്ചാ, പ്രിയ ദൈവജനമെ

അഭിവന്ദ്യ മാക്കീൽ പിതാവിന്റെയും പൂതത്തിൽ ബഹു. തൊമ്മിയച്ചന്റെയും ജീവിതവിശുദ്ധി സാർവ്വത്രിക സഭ ആകമാനം മാതൃകയും അനുഗ്രഹവുമായി മാറണമെന്ന ദൈവജനത്തിന്റെ ആഗ്രഹം പരിഗണിച്ചുകൊണ്ട് നാം അതിനായുള്ള നടപടികൾക്ക് തുടക്കം കുറിക്കുകയും സീറോ മലബാർ സിനഡിന്റെയും വിശുദ്ധ സിംഹാസനത്തിന്റെയും അനുമതിയോടെ 2009 ജനുവരി മാസം 26-ാം തീയതി നാമകരണ നടപടികൾ ഔദ്യോഗികമായി അറിയിക്കുകയും ചെയ്ത കാര്യം നിങ്ങൾക്കേവർക്കും അറിവുള്ളതാണല്ലോ.

ഇക്കാര്യങ്ങൾക്കായി സ്ഥാപിക്കപ്പെട്ട അതിരൂപതാ കോടതി ഈ രണ്ടു ദൈവദാസന്മാരെക്കുറിച്ച് സഭാ നിയമങ്ങൾ അനുസരിച്ച് ആവശ്യമായ അന്വേഷണങ്ങളും തെളിവെടുപ്പുകളും നടത്തിക്കൊണ്ടിരിക്കുകയാണ്. അതോടനുബന്ധിച്ച് റോമിൽ നിന്നുള്ള അനുവാദത്തോടെ 2014 ഏപ്രിൽ 23-ാം തീയതി ദൈവദാസൻ മാക്കീൽ പിതാവിന്റെ ഇടയ്ക്കാട്ടു പള്ളിയിലുള്ള കബറിടം തുറന്നു പരിശോധിക്കുകയും സഭാനിയമങ്ങൾ അനുസരിച്ച് ഭൗതികാവശിഷ്ടങ്ങൾ പ്രത്യേകം തയ്യാർ ചെയ്യപ്പെട്ട കല്ലറയിൽ അടക്കം ചെയ്യുകയും ചെയ്തു.

ദൈവദാസൻ മാക്കീൽ പിതാവിന്റെ നാമകരണം സംബന്ധിച്ച് അതിരൂപതയുടെ നടപടികൾ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നതിനാൽ 2015 നവംബർ 3-ാം തീയതി ക്രിസ്തുരാജ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ഈ നടപടികൾ ഔദ്യോഗികമായി അവസാനിപ്പിക്കുന്നതും എല്ലാ രേഖകളും റിപ്പോർട്ടുകളും പരിശുദ്ധ സിംഹാസനത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതുമാണ്.

ദൈവസഹായത്താൽ അതിരൂപതാ നടപടികൾ വിജയകരമായി പൂർത്തീകരിക്കുവാൻ സാധിച്ചതിൽ ദൈവത്തിനു നന്ദിപറയുന്നതിനും നമ്മുടെ അതിരൂപതയുടെ സ്ഥാപനത്തിന് തന്നെ കാരണക്കാരനായ ദൈവദാസൻ മാക്കീൽ പിതാവിനെ വിശുദ്ധരുടെ പട്ടികയിലേയ്ക്കുയർത്തുന്നതിനുള്ള ദൈവസഹായം യാചിക്കുന്നതിനുമായി നവംബർ 3-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് കത്തീഡ്രലിൽ നടക്കുന്ന സമൂഹബലിയിൽ നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും സന്യസ്തരും സാധിക്കുന്നത്ര അത്മായരും പങ്കെടുക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയനായി തന്നെത്തന്നെ സഭയുടെയും ക്നാനായ സമുദായത്തിന്റെയും വളർച്ചയ്ക്കായി സമ്പൂർണ്ണ സമർപ്പണം ചെയ്ത ദൈവദാസൻ മാക്കീൽ പിതാവിനെ നമുക്ക് ഒന്നുചേർന്ന് നന്ദിയോടെ അനുസ്മരിക്കാം. ഒപ്പം ദൈവം തിരുമനസ്സാകുന്നെങ്കിൽ അദ്ദേഹം സാർവ്വത്രിക സഭ അംഗീകരിച്ച വാഴ്ത്തപ്പെട്ടവരുടെയും വിശുദ്ധരുടെയും ഗണത്തിൽ ചേർക്കപ്പെടാൻ ദൈവത്തോടപേക്ഷിക്കാം. നവംബർ 3-ാം തീയതിയിലെ സമൂഹബലിയും അതിരൂപതാ നടപടികളുടെ ഔദ്യോഗിക സമാപനവും നിങ്ങളേവരുടെയും പ്രാർത്ഥനയാലും സാധിക്കുന്നത്ര വിശ്വാസികളുടെ സാന്നിദ്ധ്യത്താലും അനുഗ്രഹമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2015 ഒക്ടോബർ 25-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിച്ചറിയിക്കേണ്ടതാണ്.